വടവന്നൂർ എന്നീ വില്ലേജുകളിൽ പട്ടയം പാസ്ബുക്ക് ഒരു പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിൽ ഏർപ്പെടുത്താൻ ഗവൺമെൻറ് അനുവാദം നൽകിയിട്ടുണ്ട്. ഈ വില്ലേജുകളിൽ കോട്ടയം ജില്ലയിലെ അകലകുന്നത്ത് പട്ടയം പാസ്ബുക്ക് സമ്പ്രദായം ഏർപ്പെടുത്തിക്കഴിഞ്ഞു.

(ബി) ഉണ്ട്.

(സി) കേരളത്തിലെ എല്ലാ വില്ലേജുകളിലും റീസർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് ഈ സമ്പ്രദായം നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്.

ദേശീയ പാർക്കുകൾ

* 225 [361] ശ്രീ. കെ. ടി. കണ്ഠരൻ:
,, ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, കെ. ആർ. ചന്ദ്രമോഹനൻ:
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ:
ഡോക്ടർ. എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കേന്ദ്രഗവൺമെൻറ് വന്യജീവി ദേശീയ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) ഇവ ഓരോന്നിനേറയും വിസ്തീർണ്ണം എത്രവീതമാണെന്ന് പറയാമോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ) കേരളത്തിൽ കേന്ദ്രഗവൺമെൻറ് വന്യജീവി ദേശീയ പാർക്കുകൾ സ്ഥാപിച്ചിട്ടില്ല. എന്നാൽ സംസ്ഥാന ഗവൺമെൻറ് രണ്ട് വന്യജീവി ദേശീയ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനത്തിന് കേന്ദ്രത്തിൻെറ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്.

(ബി) ഇരവികുളം, സൈലൻറ്വാലി ദേശീയോദ്യാനങ്ങളാണ് ഇവ.

(സി) ഇരവികുളം ദേശീയോദ്യാനത്തിൻെറ വിസ്തൃതി 97 ച. കി. മീറ്ററും സൈലൻറ്വാലി ദേശീയോദ്യാനത്തിൻേറത് 89.5 ച. കി. മീറ്ററുമാണ്.

തോട്ടണ്ടി കള്ളക്കടത്ത്

* 226 [362] ശ്രീ. വി. ജെ. തങ്കപ്പൻ:
,, സി. കെ. തങ്കപ്പൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, സി. പി. മുസ്സാൻകുട്ടി:
ശ്രീമതി. കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടിയുടെ കള്ളക്കടത്ത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly